ബ്രാസ് ബാന്റ് യൂണിറ്റ്

97 [5849] ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിറ്റി പോലീസിന് കീഴിൽ ഒരു ബ്രാസ് ബാന്റ് യൂണിറ്റ് നിലവിലില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഒരു ബ്രാസ് ബാന്റ് യൂണിറ്റ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; അതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി) കോഴിക്കോട് സിറ്റി പോലീസിന് കീഴിൽ ഒരു ബാന്റ് യൂണിറ്റ് നിലവിലുണ്ട്. ബ്രാസ് ബാന്റ് യൂണിറ്റ് തുടങ്ങുന്നതിനുള്ള നിർദ്ദേശം ഒന്നും തന്നെ പരിഗണനയിലില്ല.

മഞ്ചേരിയിൽ പ്രവർത്തിക്കുന്ന ജില്ലാ കുടുംബ കോടതി മാറ്റാനുള്ള നീക്കം

98 [5856] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ പ്രവർത്തിക്കുന്ന ജില്ലാ കുടുംബകോടതി അവിടെ നിന്നും മാറ്റാനുള്ള നീക്കം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ജില്ലയിലെ പ്രധാന കോടതികൾ പ്രവർത്തിക്കുന്നത് മഞ്ചേരിയിൽ ആയതിനാൽ കുടുംബ കോടതിയും പ്രവർത്തിക്കാൻ അനുയോജ്യമായ സ്ഥലം മഞ്ചേരി ആണെന്ന കാര്യം പരിഗണിച്ച് പ്രസ്തുത നീക്കം ഉപേക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

അകാലമൃത്യുവിനിടയായ സൈനികരുടെ ആശ്രിതർക്ക് നൽകിയ സഹായം

99 [5862] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മലയാളികളായ സൈനികർ ഡ്യൂട്ടിക്കിടയിൽ കൊല്ലപ്പെടുകയുണ്ടായി എന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ നൽകിയ സാമ്പത്തികവും മറ്റു തരത്തിലുള്ള സഹായാനുകൂല്യങ്ങളും എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) അകാലമൃത്യുവിനിടയായ സൈനികരുടെ . അനന്തരാവകാശികൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയ എത്ര കേസുകളുണ്ടെന്ന് അറിയിക്കാമോ; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലയാളികളായ 49 സൈനികർ കൊല്ലപ്പെട്ടതായി വിവരം ലഭിച്ചിട്ടുണ്ട്.

(ബി) ഇവരിൽ നിർദ്ദിഷ്ട ഫോറത്തിൽ ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചവരിൽ അർഹതയുള്ളവർക്ക് മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്ന് ധനസഹായവും സംസ്ഥാന സർവ്വീസിൽ ആശ്രിത നിയമനവും നൽകിയിട്ടുണ്ട്. ഭവന നിർമ്മാണ ഗ്രാന്റ് പദ്ധതി പ്രകാരം ഒരാൾക്ക് ഗ്രാന്റ് തുകയുടെ ഒന്നാം ഗഡുവായ 20,000 രൂപയും നൽകിയിട്ടുണ്ട്. കൂടാതെ യുദ്ധത്തിലോ യുദ്ധസമാന സാഹചര്യങ്ങളിലോ മരണമടഞ്ഞ ജവാന്റെ ഭാര്യ/മാതാപിതാക്കൾ തുടങ്ങിയവരുടെ പേരിലുള്ളതും ഇവർ താമസത്തിനുപയോഗിക്കുന്നതുമായ വീടിന് നികുതി സൗജന്യം, മരണമടഞ്ഞ ജവാന്റെ കുട്ടികൾക്കും ആശ്രിതർക്കും സ്കോളർഷിപ്പുകൾ, ഫീസിളവ്, വിവിധ കോഴ്സുകളിൽ സീറ്റ് സംവരണം എന്നീ ആനുകൂല്യങ്ങളും അർഹതയ്ക്ക് വിധേയമായി നൽകിവരുന്നുണ്ട്.

(സി) ആശ്രിത നിയമന പദ്ധതിപ്രകാരം നിർദ്ദിഷ്ട ഫോറത്തിൽ ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ച 11 പേരിൽ, അർഹത നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 9 പേരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. ഇതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

100 [5863] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് സംഭാവനയായി എന്ത് തുക ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ദുരിതാശ്വാസ ഫണ്ടിലേക്ക് ഏറ്റവും കൂടുതൽ തുക സംഭാവനയായി നൽകിയ ആദ്യത്തെ 25 പേരിൽ ഏതൊക്കെ സ്ഥാപനങ്ങൾ ഉൾപ്പെടുമെന്നും വ്യക്തികൾ ആരൊക്കെയാണെന്നും, ഇവർ നൽകിയ തുക എത്രയെന്നും വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly